പ്രസിദ്ധീകരണത്തിന്

ശബരിമലക്ഷേത്രത്തിലെ ഇത്തവണത്തെ മണ്ഡല-മകരവിളക്ക് മഹോത്സവത്തിന് ഈ മാസം 15-ന് ആരംഭം കുറിക്കുകയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഈ മഹാക്ഷേത്രത്തിലെ വരുമാനമാണ് ബോർഡിന്റെ കീഴിലുള്ള ആയിരത്തിൽപരം ക്ഷേത്രങ്ങളെയും ആറായിരത്തിൽപരം വരുന്ന ജീവനക്കാരെയും നില നിർത്തുന്നതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. കോവിഡ് മഹാമാരിയുടെ വ്യാപ നത്തിന്റെ പേരിൽ വളരെയധികം നിയന്ത്രണങ്ങളാണ് തീർത്ഥാടനത്തിന്റെ കാര്യത്തിൽ ഏർപ്പെടുത്തിയിരിക്കുന്നത്. യുവതീപ്രവേശനത്തിന്റെ പേരിൽ അനാവശ്യ നിയന്ത്രണ ങ്ങൾ കൊണ്ടുവന്ന് മുൻവർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനം താറു മാറാക്കിയ കാര്യം ഏവർക്കും അറിയാം. അതുമൂലം കോടിക്കണക്കിനു രൂപയുടെ നഷ്ട മാണ് ദേവസ്വം ബോർഡിനുണ്ടായത് എന്നു പറയപ്പെടുന്നു. അതിൽനിന്നു കരകയറു വാൻ ബോർഡിന് ഇതുവരെ കഴിഞ്ഞിട്ടില്ല. അതിനു പുറമേയാണ് കോവിഡിന്റെ പേരി ലുള്ള ഇപ്പോഴത്തെ നിയന്ത്രണം. 2018 വരെ ഓരോ തീർത്ഥാടനകാലത്തും പ്രതിദിനം കുറഞ്ഞത് അമ്പതിനായിരം തീർത്ഥാടകർ എത്തിയിരുന്ന ശബരിമലയിൽ ഈ വർഷം പ്രതിദിനം ആയിരംപേരെ മാത്രമാണ് പ്രവേശിപ്പിക്കുന്നത്. മുമ്പ് മണ്ഡലപൂജയ്ക്കും മക രവിളക്കിനും ദിവസേന ഒരു ലക്ഷത്തോളം പേർ എത്തിച്ചേർന്നിരുന്ന സന്ദർഭങ്ങളും ഉണ്ടാ യിട്ടുണ്ട്.

ഈ വർഷത്തെ മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിന് ദിവസേന ആയിരംപേരെ മാത്രം പ്രവേശിപ്പിച്ചാൽ മതിയെന്നാണ് സർക്കാർതീരുമാനം. അതും വെർച്വൽ ക്യൂ വഴി ബുക്കുചെയ്യുന്നവർക്ക് മാത്രം. നെയ്യഭിഷേകത്തിനും ആചാരപരമായ മറ്റു വഴിപാടുകൾക്കും അനുമതി നിഷേധിച്ചിരിക്കുകയാണ് എന്നുമറിയുന്നു. പമ്പയിൽ കുളിച്ച് ശുദ്ധിയോടെ മലകയറി അയ്യപ്പദർശനത്തിനുശേഷം നെയ്യഭിഷേകം നടത്തുക എന്നുള്ളതാണ് ആചാ രപരമായും വിശ്വാസപരമായും ഏതു ഭക്തനും ആഗ്രഹിക്കുന്നത്. നെയ്യഭിഷേകം ചെയ്തില്ലെങ്കിൽ തീർത്ഥാടനം പൂർത്തിയായതായി ഒരു അയ്യപ്പഭക്തനും കരുതാനാവി ല്ല. നെയ്യഭിഷേകവും മറ്റു വഴിപാടുകളും നടത്താൻ അവസരം നിഷേധിക്കുന്നത് ഭക്ത രോടു കാണിക്കുന്ന വിവേചനമാണ്.

സർക്കാരിന്റെ ഇപ്പോഴത്തെ നിയന്ത്രണത്തെ സംബന്ധിച്ച് ഏറ്റവും രസകരമായ കാര്യം, കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് ഉള്ളവർക്കു മാത്രമേ പ്രവേശനമുള്ളു എന്ന താണ്. രോഗമില്ലാത്തവരെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളു എന്ന നിബന്ധനയുള്ളപ്പോൾ തീർത്ഥാടകരുടെ എണ്ണത്തിലും മറ്റു കാര്യങ്ങളിലുമുള്ള ഇത്തരം നിയന്ത്രണം എന്തി നാണ് എന്നു തോന്നിപ്പോകുന്നു.

കോവിഡിന്റെ കാലമായതിനാൽ ചില നിയന്ത്രണങ്ങൾ വേണമെന്നതിൽ തർക്ക മില്ല. എന്നാൽ, അത് കോവിഡ് രോഗികളല്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ട ശേഷം പ്രവേശിപ്പിക്കുന്ന തീർത്ഥാടകരെ ബുദ്ധിമുട്ടിക്കുന്ന രീതിയിലാകരുതെന്നും വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിക്കുന്ന രീതിയിൽ ആവണമെന്നും ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

പെരുന്ന
4.11.2020

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി